ഊർജ്ജ മേഖലയിൽ ഉത്പാദന-പ്രസരണ-വിതരണ രംഗങ്ങളിലെ നേട്ടങ്ങൾ

2 (5806) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ മേഖലയിൽ ഉത്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ എന്തെല്ലാം നേട്ടങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചത്;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത നേട്ടങ്ങൾ എത്രമാത്രം സഹായകരമായിട്ടുണ്ട്;

(സി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിതരണ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് :

11 കെ.വി ലൈൻ നിർമ്മാണം	-	7898 കി.മീ.
എൽ.റ്റി. ലൈൻ നിർമ്മാണം	-	15916 "
ട്രാൻസ്ഫോർമർ	-	13895 എണ്ണം
സിംഗിൾ ഫേസ് ടു ത്രീ ഫേസ് കൺവർഷൻ	-	10677 കി.മീ.
റീകണ്ടക്ടിംഗ്	-	44042 "
പുതിയ സർവ്വീസ് കണക്ഷനുകൾ	-	1676248 എണ്ണം.

കൂടാതെ RGGVY, RAPDRP എന്നീ പദ്ധതികൾ നടപ്പിലാക്കി വിതരണ മേഖല മെച്ചപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കിയത് സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസരണ രംഗത്ത് വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 39 സബ്സ്റ്റേഷനുകളുടെയും 497.6 കിലോമീറ്റർ പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. കൂടാതെ 30 പുതിയ അപ്ഗ്രേഡഡ് സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം വിവിധ ഘട്ടങ്ങളായി പുരോഗമിക്കുന്നു.

ഉത്പാദന മേഖലയിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 15.25 മെഗാവാട്ട് വൈദ്യുത ശൃംഖലയിലേയ്ക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്. കൂടാതെ പുനരുദ്ധാരണ നവീകരണ പ്രവർത്തനംവഴി 9 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. ഇതിനുപുറമേ സ്വകാര്യ മേഖലയിലെ പദ്ധതികൾ വഴി 15.16 മെഗാവാട്ടും കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ രീതിയിൽ മൊത്തം 39.41 MW-ന്റെ ഉൽപ്പാദനശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 63.6 മെഗാവാട്ടിന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ഈ കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ 88.2 മെഗാവാട്ടിന്റെ 10 ചെറുകിട ജല വൈദ്യുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതിയും 146.2 മെഗാവാട്ടിന്റെ 10 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ബോർഡും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 22 പദ്ധതികളുടെ DPR തയ്യാറാക്കുന്നത് പുരോഗമിക്കുന്നു.

ഊർജ്ജോൽപ്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പാരമ്പര്യേതരവും നവീകരണക്ഷമവുമായ സോളാർ/കാറ്റ് എന്നീ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

വിതരണ മേഖലയിലെ പദ്ധതി പ്രവൃത്തികളുടെ പുരോഗതി മാസാമാസം വിലയിരുത്തി വേണ്ട മേൽനടപടികൾ സ്വീകരിക്കുന്നു. കൂടാതെ ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കിയും സമയബന്ധിതമായി കരാർ തൊഴിലാളികളുടെ ബിൽ പാസാക്കി നൽകിയും പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രസരണ രംഗത്തെ നേട്ടങ്ങൾ കൈവരിക്കുന്നതിനായി നൂറുദിന കർമ്മ പരിപാടി പ്രഖ്യാപിക്കുകയും പ്രസ്തുത പരിപാടിയിൽ ഉൾപ്പെട്ട വിവിധ പ്രസരണ പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുകയും ചെയ്തു. കൂടാതെ സർക്കാർ പ്രഖ്യാപിച്ച 'മിഷൻ 676'

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ പ്രസരണ മേഖലയിൽ നിന്നും വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പ്രസരണ പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നവീകരണ ഊർജ്ജോൽപ്പാദനത്തിനായി 268 മെഗാവാട്ട് സോളാർ പദ്ധതിയും ഏകദേശം 114 മെഗാവാട്ടിന്റെ വിൻഡ് പദ്ധതിയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചേലക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം

3 (5807) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജ മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും അത് എവിടെയെല്ലാമാണെന്നും പറയാമോ ;

(ബി) ഇതിലേക്കായി പുതുതായി സ്ഥാപിച്ച ത്രീ ഫേസ് വൈദ്യുതിലൈനുകൾ എവിടെയെല്ലാമാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്നും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാംമാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ഡി) പുതുതായി എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ശിപാർശ ചെയ്തിട്ടുള്ളതുമായ വൈദ്യുതീകരണ പദ്ധതികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 59 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ട്രാൻസ്ഫോർമറുകളും ഇതിലേക്കായി പുതുതായി സ്ഥാപിച്ച ത്രീ ഫേസ് വൈദ്യുതി ലൈനുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്നും പദ്ധതികളൊന്നും നടപ്പിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചേലക്കര ഗ്രാമപഞ്ചായത്തിലെ 17 MW വാർഡിൽ സ്ട്രീറ്റ് ലൈൻ നീട്ടുന്നതിനുവേണ്ടി 1 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 6-1-2015 ൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly